ചിത്രാവലി.



# കപിലോപാഖ്യാനം

## കിളിപ്പാട്ട്.

ശ്രീചിത്രതിരുനാൾ ഗ്രന്ഥശാല,
തിരുവനന്തപുരം.

# ശ്രീചിത്രാവലി.

---

ശ്രീ ചിത്രതിരുനാൾ മഹാരാജാവു തിരുമനസ്സിലെ
കിരീടധാരണമഹോത്സവം പ്രമാണിച്ചു
ശ്രീ ചിത്രതിരുനാൾ ഗ്രന്ഥശാലവകയായി
പ്രസിദ്ധപ്പെടുത്തുന്നത്.

നമ്പർ ൨.

# കപിലോപാഖ്യാനം

(കിളിപ്പാട്ട്)

ഗോത്രാലങ്കാരമായബ്ജനേത്രാനുഗ്രഹപാത്രമായ്
ചിത്രാനക്ഷത്രജൻ ധാത്രീസുത്രാമാവു ജയിക്കണം.

---



---

'ശ്രീധര' മുദ്രാലയം,
തിരുവനന്തപുരം.

# പ്രസ്താവന.

പണ്ഡിതന്മാരേയും പാമരന്മാരേയും ഒരുപോലെ കഥാരസത്തിൽ ലയിപ്പിച്ച് അവരറിയാതെതന്നെ ഓരോരോ ധൎമ്മതത്വങ്ങൾ ഉള്ളിൽ കടത്തി അസ്ഥിവാരമുറപ്പിച്ച ധൎമ്മവാസന വളൎത്തിക്കൊണ്ടു വരുന്ന സംഗതിയിൽ നമ്മുടെ സംസ്കൃതപുരാണഗ്രന്ഥങ്ങളോടു കിടപിടിക്കാൻ മററു യാതൊന്നുമില്ലെന്നുള്ളതു നിൎവിവാദമാണ്. മുമ്പു കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത സംഗതികൾ കാണുന്നതിലും കേൾക്കുന്നതിലും മനുഷ്യൎക്കാഗ്രഹമുണ്ടാകുന്നതു മനസ്സിന്റെ അസ്വതന്ത്രസ്ഥിതികൊണ്ടാകട്ടെ, കൎമ്മവാസനകൊണ്ടാകട്ടെ, ഏതായാലും അതു സാമുദായിക ജീവിതത്തിലുൾപ്പെട്ട മനുഷ്യബുദ്ധിക്കു സഹജമായിട്ടുള്ളതാണല്ലോ. അതിനാൽ ഏതു വിഷയവും അതാതിന്റെ സ്വരൂപം, ലക്ഷണം മുതലായ അംശങ്ങൾമാത്രം കാണിച്ചുംകൊണ്ടു വിവരിക്കുന്ന രീതിയേക്കാൾ കഥാസംബന്ധമായ സംഗതികളോടു ഇടകലൎത്തി ദൃഷ്ടാന്തപ്പെടുത്തിക്കാണിക്കുന്ന രീതിയാണ് അധികം ഹൃദയംഗമമായിട്ടുള്ളതെന്നു പ്രത്യേകിച്ചു പറയേണ്ടതുമില്ലല്ലോ. പുരാണഗ്രന്ഥങ്ങളുടെ പരമോദ്ദേശ്യമായ ഈ ഉൽകൃഷ്ടതത്വം കേരളീയരായ നമ്മുടെ പൂൎവ്വികന്മാർ സൂക്ഷ്മമായറിഞ്ഞു ആസ്വദിച്ചിരുന്നുവെന്നുള്ളതിനു പല പുരാണങ്ങളിൽ നിന്നും ആവക പല കഥകളും ചില പുരാണങ്ങൾ മുഴുവൻ തന്നെയും അവർ സ്വന്തം ഭാഷയിലേക്കു പരിഭാഷപ്പെടുത്തിക്കാണുന്ന സംഗതിതന്നെ തെളിവായിട്ടുണ്ടു്. എന്നുമാത്രമല്ല, സൂക്ഷ്മം നോക്കുകയാണെങ്കിൽ ഭാഷാസാഹിത്യ

സമുച്ചയത്തിലെ പ്രധാന ഗ്രന്ഥങ്ങളിൽ മുക്കാലെ മുന്ന വീശവും ആ മാതിരി ഗ്രന്ഥങ്ങളാണെന്ന തെളിഞ്ഞു കാണാവുന്നതുമാണ്. അങ്ങനെയുള്ള പുരാണകഥകളിലുൾപ്പെട്ടതും സത്യത്തിൻെറ മാഹാത്മ്യം ശത്രുവിനെപ്പോലും കീഴ്പ്പെടുത്തി സ്വാധീനമാക്കുമെന്നുള്ള പരമതത്വത്തെ നല്ലവണ്ണം ദൃഷ്ടാന്തപ്പെടുത്തിക്കാണിക്കുന്നതുമായ ഒരു കഥയാണ “ശ്രീചിത്രാവലി”യിൽ രണ്ടാമതായി പ്രസിദ്ധം ചെയ്യുന്ന ഈ കപിലോപാഖ്യാനം.

കാഴ്ചയിൽ ഈ ഗ്രന്ഥം വളരെ ചെറുതായിത്തോന്നുമെങ്കിലും, ഉൽകൃഷ്ടങ്ങളായ പല ലോകതത്വങ്ങളും ഇതിൽ ഭംഗിയായി പ്രതിപാദിച്ചിട്ടുണ്ട്. നീചപ്രകൃതികളായിട്ടുള്ളവർ സത്യധർമ്മങ്ങളെ തന്നിഷ്ടം സാധിക്കാനുതകുന്ന ന്യായമായിത്തീരത്തക്കവിധം ദുർവ്യാഖ്യാനം ചെയ്യുന്ന രീതിയും മററും ഇതിൽ വ്യാഘ്രിയുടെ വാക്കായ

“നിന്നെയും തിന്നു മമ പൈദാഹാദികൾ തീർത്താൽ
വന്നീടും സ്വർഗ്ഗപ്രാപ്തി നിനക്കെന്നറിഞ്ഞാലും”
“എന്നുടെയുള്ളിൽ മേവുമീശ്വരൻതന്നിക്കിപ്പോൾ
നിന്നുടെദേഹംകൊണ്ടു തൃപ്തിവന്നീടുമല്ലോ”

എന്നീവക ഭാഗങ്ങളെക്കൊണ്ടും മററും കാണിച്ചിരിക്കുന്നതും സത്വപ്രകൃതിയും സത്യനിരതയുമായ കപിലക്ക ആ ശത്രു ക്രമത്തിൽ സ്വാധീനപ്പെട്ടുവരുന്ന രീതി പ്രതിപാദിച്ചിട്ടുള്ളതും മററും എത്ര ഹൃദയംഗമമായിരിക്കുന്നുവെന്നു നോക്കുക. ഭാഷാരീതിയെപ്പററിയെടുത്താലും ഇതിൻെറ ഗ്രന്ഥകാരൻ കഴിയുന്നതും എഴുത്തച്ഛൻെറ ശൈലിയെത്തന്നെ അനുസരിച്ചിരിക്കുന്നതിനാൽ കവിതക്ക ഒഴുക്കും പഴക്കവും സാമാന്യമായി സിദ്ധിച്ചിട്ടുണ്ട്. ഗ്രന്ഥ

കൎത്താവിനെക്കുറിച്ചാകട്ടെ പറയത്തക്ക യാതൊരുവിവരവും ഞങ്ങൾക്കു ഇതേവരെ കിട്ടിയിട്ടില്ല. ആദൎശമായി ലഭിച്ചിട്ടുള്ള താളിയോലഗ്രന്ഥത്തിന്ന് ഏകദേശം ൨൦൦ സംവത്സരത്തിൽ കുറയാത്ത പഴക്കം കാണുന്നതിനാൽ അതിന്നു മുമ്പാണ് ഇതിന്റെ നിൎമ്മാണമെന്നുമാത്രമേ പറവാൻ സാധിക്കുന്നുള്ളു.

ഈ ഗ്രന്ഥവും ഗ്രന്ഥശാലക്കു തന്നു സഹായം ചെയ്തിട്ടുള്ളതു തെക്കൻ തിരുവിതാംകൂറിൽ മുഞ്ചിറദേശത്തു് അമ്മവീട്ടിൽ ഗോവിന്ദപ്പിള്ള അവൎകളാണ്. അദ്ദേഹത്തോടു ഞങ്ങൾക്കുള്ള കൃതജ്ഞതയെ പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം
ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല
൧൯—൧൧—൧൦൦.

പ്രസാധകൻ
ആററൂർ കൃഷ്ണപിഷാരടി.

# കപിലോപാഖ്യാനം

## കിളിപ്പാട്ട്.

—:o:—

(കാകളി)

ശാരികാകുലവരമാലികേ മനോഹരേ
പാരാതെയരികിൽവാ പാൽപഴം തരുവൻ ഞാൻ
സാരമായുള്ള കഥ ചൊല്ലുക മടിയാതെ
പാരമുള്ളഴൽപോവാൻ ശാരികേ ഗുണശീലേ
കേട്ടാലുമെങ്കിൽ കപിലോപാഖ്യാനത്തെ നിങ്ങൾ
വാട്ടമെന്നിയേ പറഞ്ഞീടുവനറിഞ്ഞവ
ദേശികന്താനും വാണിദേവിയും ഗണേശനു-
മാശ്രമേ തുണയ്ക്കണമതിനു വന്ദിക്കുന്നേൻ
എങ്കിലോ കുരുശ്രേഷ്ഠനാകിയ ഗാംഗാദത്തൻ
മംഗലവീരൻ ശരശയനേ വാഴുംകാലം
ധർമ്മജൻചെന്നു പാദപങ്കജം വണങ്ങിട്ടു
നിർമ്മലനോടു ചോദിച്ചീടിനാൻ ഭക്തിയോടെ
സർവ്വദാനങ്ങളിലും മുഖ്യമായുള്ളതെല്ലാ-
മാവോളം വിചാരംചെയ്തരുളിച്ചെയ്തീടണം
അന്നേരം ഗംഗാസുതൻ ചൊല്ലിനാൻ ധർമ്മാത്മജ,
നന്നായികേട്ടുകൊൾക ദാനമാഹാത്മ്യമെല്ലാം
അന്നദാനവും സ്വർണ്ണദാനവും ഭൂദാനവും
പിന്നെയും തിലദാനം ഗോദാനം വസ്ത്രദാനം
താംബൂലദാനം ഛത്രദാനവുമശ്വദാന-
മെന്നിവപലദാനമുണ്ടല്ലോ നിരൂപിച്ചാൽ
ധന്യന്മാരായുള്ളവർ ചൊല്ലിയിട്ടുണ്ടു പണ്ടു

നിൎണ്ണയം മോക്ഷകരമായീട്ടുള്ളൊരുകഥ
പുണ്യവാന്മാൎക്കും ഭക്തന്മാരായുള്ളവർകൾക്കു-
മെന്നിയേകേൾപ്പാൻ ദണ്ഡമായുള്ളൊന്നതുകഥ
ശ്രീകപിലോപാഖ്യാനമായുള്ള സംവാദത്തെ
ലോകനായക കേട്ടുകൊള്ളുക ധൎമ്മാത്മജ
ചൊല്ലേറും ചന്ദ്രപുരിയെന്നൊരുരാജ്യത്തിങ്ക-
ലുല്ലാസമോടെ ചന്ദ്രസേനനെന്നൊരുനൃപൻ
ഉണ്ടല്ലോ സമൎത്ഥനായൎത്ഥവാനായിട്ടവൻ
ദണ്ഡമെന്നിയെ പരിപാലിച്ചാനവനിയെ
ചതുരംഗിണിയായ സേനയോടൊരുമിച്ചു
പൃഥ്വിതാൻപാലിച്ചതു ചൊല്ലുവാൻ പണിയത്രെ
ഗോക്കളും വ്യാഘ്രങ്ങളുമൊന്നിച്ചു കളിച്ചീടു-
മക്ക്ജന്മജാ സൎപ്പമൂഷികന്മാരുമെല്ലാം
ഇത്യാദിവൈരംവെടിഞ്ഞൊന്നിച്ചു പക്ഷികളും
ശത്രുതയൊക്കെവെടിഞ്ഞൊന്നിച്ചു വസിപ്പതും
രാജ്യത്തിലുള്ള ഫലമൂലങ്ങളെല്ലാമൊക്കെ
പൂജ്യങ്ങളായി സ്വാദിഷ്ഠങ്ങളായുള്ളതേററം
വൃക്ഷങ്ങൾ കസുമങ്ങൾ ഫലങ്ങൾ നിറഞ്ഞൊക്കെ
പക്ഷങ്ങളോട്ടക്കൂടി നിന്നിതങ്ങെല്ലാനാളും
വിപ്രക്ഷത്രിയ വൈശ്യശൂദ്രരുമുണ്ടു നല്ല
സ്വൎഗ്ഗസന്നിഭമായ രാജധാനിയിൽ ബന്ധു-
വൎഗ്ഗത്തോടൊരുമിച്ചു സുഖിച്ചു ചന്ദ്രസേനൻ
സൽപ്രജകളാൽ പരിപൂൎണ്ണമെത്രയും രാജ്യം
മേദിനിപാലിച്ചവൻ വാഴുന്നകാലമൊരു
ഭൂസുരോത്തമനുണ്ടായ്‌വന്നിതു സൎവ്വജ്ഞനായ്
മഹത്വംകലൎന്നീടും ബ്രാഹ്മണൻ വഴിപോലെ
ഗൃഹസ്ഥാശ്രമം പരിപാലിച്ചു വാഴുംകാലം

പത്നിയുമൊരുദിനം ബ്രാഹ്മണനോടുചൊന്നാ-
ളഗ്നിഹോത്രത്തെച്ചെയ്യാനെന്തൊരു കഴിവിപ്പോൾ
യത്നമേററവുംചെയ്യും നമുക്കിങ്ങൊരുപുത്ര-
രത്നത്തെയുണ്ടാക്കണമില്ല സംശയമേതും
ദ്രവ്യങ്ങൾ ബഹുവിധമുണ്ടെന്നാകിലും പഞ്ച-
ഗവ്യമില്ലാഞ്ഞാൽ കർമ്മമെങ്ങനെ നടക്കുന്നു.
സർവകർമ്മങ്ങൾക്കുമാധാരമിപ്പഞ്ചഗവ്യം
നിർവഹിക്കാമല്ലതില്ലായ്കിൽ മറെറാന്നുകൊണ്ടും
അതിനെക്കേട്ടു കൗതുകംപൂണ്ടു വിപ്രേന്ദ്രനാ-
മതിനേർമുഖിയാളാം പത്നിയോടുരചെയ്തു
അന്യാനുരാഗത്താലുണ്ടായൊരു വൃത്താന്തത്തെ
ധന്യേ ! നിന്നോടുചൊല്ലാം കേൾക്കണം മടിയാതെ
ശീതളഗ്രാമത്തിങ്കലാചാര്യഗൃഹം പുക്കു
വേദവുംപഠിച്ചുഞാൻ മരുവീടിനകാലം
മൽഗുരുപറഞ്ഞു ഞാൻ കേട്ടിരിക്കുന്നു മുന്ന-
മെത്രയും മോക്ഷകരം സൽഗുണശീലന്മനാം
പണ്ടൊരുവിപ്രശ്രേഷ്ഠനെത്രയും മനോജ്ഞമാം
രണ്ടുധേനുക്കളെവരണ്ടിനുമായിട്ടവൻ
ഓരോരോകെട്ടുപുല്ലുമോരോരോ കുടംനീരും
പാരാതെ കൊടുത്തീടും നിത്യവും വ്യവസ്ഥയാ-
ലക്കാലമൊരുദിന മൊന്നിനെക്കാണായ്കയാൽ
പുൽക്കെട്ടുരണ്ടുംരണ്ടുകുടത്തിലുള്ളനീരും
ഒന്നുതാൻതന്നെയുപജീവിച്ചാളതുകണ്ടു
തന്നുള്ളിൽ നിരൂപിച്ചു ബ്രാഹ്മണനതുകാലം
നന്നല്ല പശുക്കളെ വളർത്തിക്കൊൾവാൻ പത്നി-
യെന്നുമേമേവിക്കയില്ലതിനാലനുകൂലം

പശുക്കൾക്കൊരിക്കലും തീരുകയില്ലദാഹം
വിശപ്പുമടങ്ങീടാ സന്തതം ഭക്ഷിച്ചാലും
തൃപ്തിയെ വരുത്തുവാനെന്തുമാം വേലയത്രെ
മുക്തിഹാനിയുംവരും പശുസന്താപംകൊണ്ടെ
ഇത്ഥമോൎത്തവൻ മറെറാന്നുള്ളതുമുപേക്ഷിച്ചാ-
നത്രമേ ഞാനും വളൎത്തിടാസ്സാനതുമൂലം
ഗോക്കളെക്കൊണ്ടാലൎത്ഥഹാനിസംഭവിച്ചീടും
മോക്ഷമല്ല ദാനംകൊണ്ടാൽ പോയിട്ടും മഹിമയും
വിഷ്ണുഭക്തന്മാരോടു ദാനമായ് പശുക്കളെ
തൃഷ്ണയെന്നിയേവാങ്ങിക്കൊണ്ടാലില്ലൊരുദോഷം
ഇങ്ങനെ പതിവാക്യംകേട്ടൊരുഭൂദേവനും
അങ്ങനെയാമെന്നൻവാദവുംചെയ്തുകൊണ്ടു
നിത്യകൎമ്മവുംചെയ്തു പിറന്നാൾ മഹീസുരൻ-
ഉത്തമനായ നരവീരനെച്ചെന്നുകണ്ടാൻ
ആസനപാദ്യാദികൾ കൊണ്ടുപൂജിച്ചുനൃപൻ
ഭൂസുരോത്തമൻതന്നെ വന്ദിച്ചുചൊല്ലീടിനാൻ
സ്വാഗതം ഭവാനിഹ കുശലമല്ലീ മമ
ഭാഗധേയവുമേററമുണ്ടെനം വന്നിതിപ്പോൾ
എന്തൊന്നു നിരൂപിച്ചു വന്നിതെന്നതും ക്ഷത്ര-
ബന്ധുവാകിയഭവാനരുളിച്ചെയ്തീടണം
എന്നതുകേട്ടുവിപ്രൻ മന്നവനോടുചൊന്നാ-
നിന്നുഞാൻ വന്നകാൎയ്യമറിയിച്ചീടാമല്ലോ
നിത്യകൎമ്മങ്ങൾചെയ്യാനുമഗ്നിഹോത്രംചെയ്യാനു-
മെത്രയും ദണ്ഡമൊരു പശുവില്ലായ്കമൂലം
എത്രയും ദാനശീലനാകിയ നിന്നെക്കണ്ടാ-
ലുത്തമമായൊരു ഗോദാനം ചെയ്തീടുമല്ലോ.

എന്നെല്ലാം നിരൂപിച്ചു വന്നിതു ഞാനുമിപ്പോ-
ളിന്നതു ചെയ്കെന്നതു കേട്ടൊരു നരേന്ദ്രനും
തന്നുടെ ചുഴലവും നിൽക്കുന്ന മന്ത്രികളിൽ
ധന്യനായുള്ളവൻ തന്നോടരുൾചെയ്തീടിനാൻ
പോകനീ സുദിനമാക്കെന്നമിട്ടിന്നമിപ്പോൾ
വൈകരുതേതും ഫലം നിനക്കും വരുമല്ലോ
എന്നുമന്നവനരുൾചെയ്തതു കേട്ടമന്ത്രി
ചെന്നുഗോപാലിച്ചീടും ഗോപാലനോടുചൊല്ലി.
കപിലാദേവിതന്നെക്കൊണ്ടുനീ വന്നീടണം
സുഖമായ്‌വരും സുകൃതങ്ങളുമതിനാലെ
വസിഷ്ഠമുനിയുടെ നന്ദിനിക്കൊക്കുമവൾ
വസിക്കും ദിക്കിലാപത്തൊന്നുമേ വരായല്ലോ.
വിരയച്ചെന്നമ്പാടി പുക്കവൻ വിളിച്ചപ്പോ-
ളരികെവന്നുനിന്നുകപിലാദേവിതാനും
അവളെ ക്കൂട്ടിക്കൊണ്ടുനടന്നു ഗോപാലക-
നവനീപതിതൻെറ മുമ്പിലാമ്മാറുതന്നെ
സന്തുഷ്ടനായ മുടിമന്നവൻ തന്നെത്താഴ-
തന്തികേ വന്നുനിന്ന കപിലാദേവിതാനും.
കലശങ്ങളെജ്ജപിച്ചഭിഷേകവും ചെയ്തു
കളഭമാല്യാദികൾ കൊണ്ടലങ്കരിച്ചേററം
കംബളങ്ങളെക്കൊണ്ടു ദേഹവുമാച്ഛാദിച്ചു
കൊമ്പിനും കുളമ്പിനും പൊന്നും വെള്ളിയും കെട്ടി
ശ്രോത്രിയനിയോഗത്താൽ പാർത്ഥിവനാസ്ഥാപൂർവ്വം
ധാത്രീദേവോത്തമന്നു ദാനവും ചെയ്താനപ്പോൾ
ഈശ്വരാർപ്പണബുദ്ധ്യാ പുഷ്പവും നീരും ധര-
ണീശ്വരൻ കയ്യിൽക്കൂടെ നൽകിനാനല്ലോ നൃപൻ
ഉർവീനായകൻ പിന്നെ ബ്രാഹ്മണനോടു ചൊന്നാൻ

സർവ്വദേവതാമയം ഗോസ്വരൂപമറിഞ്ഞാലും
ഫാലലോചനനാകുമീശ്വരൻ പശുപതി
ഫാലദേശത്തിങ്കൽ വാണീടുന്നതറിഞ്ഞാലും
ആനനത്തിങ്കൽ മൂലപ്രകൃതി വസിപ്പതും
വാനവർ വാണീദേവി നാവിന്മേൽ വസിപ്പതും
നേത്രങ്ങളാകുന്നതു ചന്ദ്രനുമാദിത്യനും
ശ്രോത്രങ്ങൾ മഹാരക്ഷിശൃംഗനും ശൃംഗാദേവ
നാസികാഗ്രത്തിങ്കൽ വാണീടുന്നു ജ്യേഷ്ഠാദേവി
വാസവനധിവാസം വാലിന്മേലറിഞ്ഞാലും
തോളുരണ്ടിലും ഗണനാഥനും കുമാരനും
തോലാകുന്നതു ജലധീശ്വരനറിഞ്ഞാലും.
ദന്തപംക്തികളിൽ വാണീടുന്നു മരുത്തുകൾ
സന്തതമകിട്ടിൽ വാണീടുന്നു നിധിപതി
സാദരമുരത്തിൽ വാഴുന്നു ദഹനനും
പാദപാണികളിൽ വാണീടുന്നു നാഗേശന്മാർ
നാലു വേദവും നാലു മുലകളാകുന്നതും
പാലാകുന്നതുത്തമമമൃതുതന്നെയല്ലോ
ഗോമയം ലക്ഷ്മീദേവി ഗോമൂത്രം ഗംഗാദേവി
ശ്രീമഹാവിഷ്ണുതന്നെ വെണ്ണയായീടുന്നതും
രോമങ്ങളെല്ലാമോരോ മുനിശ്രേഷ്ഠന്മാരല്ലോ
ഗോമാഹാത്മ്യങ്ങളെല്ലാം പറവാൻ പകൽപോരാ
സർവ്വദേവതാമയമായുള്ള പശുക്കളും
ദിവ്യവസ്തുക്കളിലും വച്ചിതു മുമ്പാകുന്നു.
വഹ്നിക്കൊണ്ടത്തഗ്നിയോകെടരുതെന്നും ചൊന്നാൻ
മന്നവൻ, തെളിഞ്ഞുപോയീടിനാൻ വിപ്രേന്ദ്രനും
തന്നുടെ പത്നികയ്യിൽ കൊണ്ടു നൽകീടുന്നേരം
നന്നായിട്ടെതിരേററു വാങ്ങിനാൾ പത്നിതാനും

ചൊല്ലിനാൻ പിന്നെ നിജപത്നിതന്നോടു വിപ്രൻ
നല്ലഗോവിനു പരിപാലിച്ചുകൊൾക നിത്യം
വിണ്ണിൽനിന്നിറങ്ങുമ്പോൾ ചൊല്ലിനാളിവൾ മുന്നം
വിണ്ണവരോടു പാരിൽ ഞങ്ങളെ പോകുന്നില്ല
പാപികളല്ലോ മർത്ത്യജാതികളതുമൂലം
താപവും ഞങ്ങൾക്കേററമുണ്ടാമെന്നറിയണം
മഹത്വമറികയില്ലെന്നുമേ മനുജന്മാർ
സഹിച്ചുകൂടാ നരന്മാരുടെ ശീലങ്ങളും
പരപീഡയുമവരറികയില്ലയല്ലോ.
പരുഷവാക്കുകളും പൊറുത്തുകൂടാതാനും
കല്ലുകൊണ്ടെറിഞ്ഞീടും വാൽപിടിച്ചോടിച്ചീടും
എല്ലെല്ലാന്നുരങ്ങുമാറധികം കൃപാഹീനം
നിഷ്ഠുരം ചെവിപിടിച്ചിഴത്തീടുമത്രയല്ല
ദുഷ്ടജാതികളോടുകൂടി വാഴുന്നതാകി-
ലൊട്ടുമേ പൊറുതിയില്ലാതെ വന്നീടുമല്ലോ
നിങ്ങളെയുപദ്രവിക്കുന്ന കർമ്മങ്ങളെല്ലാം
ഞങ്ങളിലേററുകൊള്ളുന്നുണ്ടെത്തും മടിയാതെ
വിണ്ണവരിത്ഥം സത്യം ചൊന്നതു കേട്ടനേരം
വിണ്ണിൽനിന്നൂഴിതന്നിൽ വന്നിതു പശുക്കളും
ഗോപാലനോടുകൂടെഗ്ഗോനിലം പുക്കു നിത്യം
താപവുമൊഴിച്ചവർ മരുവീടിനാരല്ലോ.
അക്കാലമൊരു പാപി ഗോക്കളെപ്പിടിച്ചുടൻ
ശിക്ഷചെയ്‌വതുകണ്ടു ഗോപാലൻതാനുമപ്പോൾ
ദുഷ്കൃതം കാട്ടുന്നതു കാണരുതെന്നുപാരിൽ
പുക്കൊളിച്ചിതുപാർത്താലവനെയന്വേഷിച്ചാം
ഗോകുലം പുരമാന്തിപ്പൂഴികുത്തീടുകയു-

മാകലംപൂണ്ടു ദേഹം കോൾമയിർക്കൊള്ളുകയും
എന്നാലിപ്പശുവിനെ നന്നായിരക്ഷിക്കേണ-
മെന്നുമേയുപദ്വേഷിയാതെ നീദിനംതോറും
പൂത്തിരിക്കുന്നകാലം തൊഴുത്തിൽ പുക്കീടാതെ
ആസ്ഥയാപശുവിനെത്തൊട്ടുപോകാതെയപ്പോൾ
അശുദ്ധിവരുത്താതെ ശപിച്ചീടാതെ നിത്യം
വിശപ്പുവരുത്താതെ ദാഹവുമുണ്ടാകാതെ
പശുതന്നിഷ്ടക്കേടൊരിക്കൽ വരുത്താതെ
വശക്കേടുണ്ടാക്കാതെ വശത്തുവച്ചുകൊണ്ടു
രക്ഷിച്ചുകൊൾകയെന്നു പത്നിതൻകയ്യിൽനൽകി.
ശിക്ഷിച്ചുപറഞ്ഞിതു വിപ്രനും പലതരം
അപ്പോലെതന്നെ രക്ഷിച്ചീടിനാൾ കപിലക്കു-
ഗർഭവുമയ്യനാളിലുണ്ടായിതറിഞ്ഞാലും
പത്തുമാസവും കഴിഞ്ഞീടിനകാലമൊരു
പുത്രരത്നത്തെ പ്രസവിച്ചിതു കൗതുഹലാൽ
ഉൾത്താപമകന്നുതൻ പുത്രനോടൊരുമിച്ചു
ചിത്തമോദേന വാഴുന്നാളവൾ നിരൂപിച്ചാൾ
എത്തുമാറില്ല മമ ഭോജനം വഴിപോലെ
ഭക്തമെത്രയും കുറഞ്ഞു പുനരിത്തുകാലം
അത്തലുണ്ടല്ലോമമ പുത്രനും ദ്വിജേന്ദ്രനു-
മിത്തരമോർത്തു പുനരൊരുനാളുഷഃകാലേ
സത്വരം പുറപ്പെട്ടാളന്നേരമവൾമുന്നി-
ലെത്രയും പിഴച്ചു കാണായിതു ശകുനങ്ങൾ
പാരമവതല്ലെന്നറിഞ്ഞെങ്കിലും നടന്നവൾ
ചിററാറും കടന്നഥ യമുനാതീരത്തിങ്കൽ
മലയമലമേലങ്ങേറി മോദേനചെന്നു

സ്ഥൂലമായപുല്ലു മുറിച്ചു തിന്നുന്നേരം
ഭീമവേഷവുമൊരു ഘോരനാദവുമല്ല
കാമരൂപിയെന്നുള്ള നാമധേയവും പൂണ്ട
വ്യാഘ്രിയും വനഭുവിമേവുന്നപശുക്കളെ
വേഗം ഘ്രാണിച്ചറിഞ്ഞു ഗഹ്വരത്തിങ്കൽനിന്നു
ശീഘ്രം വന്നടുത്തതു കണ്ടിതു കപിലയും
ദീർഘമായ് വീർത്തു ഭയപ്പെട്ടിതു പരവശാൽ
എന്മരണവുമിതാ വന്നടുത്തിരിക്കുന്നി-
തെന്മകൻ തന്നെക്കാണ്മാനില്ലവസരമിപ്പോൾ
നിർമ്മലനായ പരബ്രഹ്മം താൻ വിഷ്ണുമൂർത്തി
തന്മഹാബലമെല്ലാമെന്നതേ പറയേണ്ടു
എങ്കിലുമിവളോടു സങ്കടം പറയേണം
നിൻകയ്യിലകപ്പെട്ടുവന്നിതു വിധിവശാൽ
ഞങ്ങളെ ഭക്ഷിച്ചുകൊൾകെന്നതീശ്വരനല്ലോ
നിങ്ങൾക്കുവിധിച്ചതിന്നില്ലതിനൊരുദോഷം
മക്കളെക്കുറിച്ചുള്ള സ്നേഹപാരവശ്യങ്ങ-
ളിക്കാണാകിയ വേദിക്കമൊട്ടുണ്ടല്ലല്ലി
എന്നതു നിരൂപിച്ചുമാകാണിന്നേരം പാർത്താൽ
വന്നുഞാൻ നിൻറെമുമ്പിൽ മരിപ്പൻമടിയാതെ
എന്നതുകേട്ടു പറഞ്ഞീടിനാൾകാമരൂപി
ധന്യേ നീ മമവാർത്തകേട്ടാലും പറഞ്ഞീടാം
ഞാനൊരു സംവത്സരം കൂട്ടിയ പുറപ്പെട്ടു
ദീനയായിരതിരഞ്ഞീടുവാൻ കാണായ്കിലോ
പിന്നെയും സംവത്സരം കഴിഞ്ഞുപുറപ്പെട്ടു
ഇന്നുപൈദാഹങ്ങളും പെരുതായിരിക്കുന്നു.
നിന്നെയും തിന്നു മമ പൈദാഹാദികൾതീർത്താൽ

വന്നീടും സ്വൎഗ്ഗപ്രാപ്തിനിനക്കെന്നറിഞ്ഞാലും
ശാർദ്ദൂലവരയുടെ വാക്കുകളിവകേട്ട
മാർദ്ദവശീലംപൂണ്ട കപിലതാനും ചൊന്നാൾ
ജനിച്ചനേരംതന്നെ വിധിച്ചമരണത്തെ
നിനച്ചില്ലെനിക്കൊരു ഖേദമെന്നറിഞ്ഞാലും
പുരുഷാർത്ഥത്തെ ലഭിച്ചീടാതെ ഭൂമിതന്നിൽ
പെരികെക്കാലം ജീവിച്ചിരുന്നാലെന്തുഫലം
പരലോകത്തെസ്സാധിക്കാമെന്നിരിക്കിലോ
മരണം വരുന്നതുമെത്രയും വലുതല്ലോ.
ഇത്തരം കപിലതൻ വാക്കുകേട്ടൊരുനേര-
മുത്തരമുരചെയ്തു ശാർദ്ദൂലപ്രവരനും
നിനക്കുതികഞ്ഞൊരു ധർമ്മമുണ്ടതുമൂല-
മെനിക്കു നിന്റെ ദേഹം ദാനം ചെയ്തീടുന്നാകിൽ
ജഗൽക്കാരണൻ ജഗൽപ്രഭു നിർമ്മലൻദേവൻ
ജഗൽപാലകൻ ജനാർദ്ദനനാം വാസുദേവൻ
അച്യുതനേകൻ ദാക്ഷിണ്യശീലൻ ദയാനിധി
ചിൽപ്പുമാൻ ദനുജാരി മോക്ഷദൻ മുരവൈരി
മുകുന്ദൻ മഹാബലൻ പരമാനന്ദമൂർത്തി
പരമേശ്വരൻ നാഥൻ പരമൻ പരമാത്മാ
വരദൻ പരാപരൻ പരബ്രഹ്മമാംപരൻ
ഗരുഡധ്വജൻ ഗജേന്ദ്രാർത്തിനാശനമൂർത്തി-
ശരണ്യൻ പരൻ ശരണാഗതാവ്യതനേകൻ
ശംഖചക്രാബ്ജധരനനന്തശായിവിഷ്ണു
വൈകുണ്ഠൻ വസുദേവനന്ദനനായബാലൻ
ആദ്യനവ്യക്തനജൻ നിർമ്മലൻ മുരവൈരി
കരുണാകരൻ കമലേക്ഷണൻ നാരായണൻ

ചരണാംബുജഭക്തപരിപാലക ദേവൻ
ഇന്ദ്രാദിദേവഗണവന്ദിതനായദേവൻ
ചിന്തിച്ചാലറിഞ്ഞുകൂടാതൊരുമായാമയൻ
ജന്തുക്കളെല്ലാമുള്ളിലെല്ലാം ജീവാത്മാവായിമേവു-
മന്തരാത്മാവു സകലേശ്വര നാരായണൻ
സന്തുഷ്ടനായിതെങ്കിലപ്പോഴേയവരക്കൂട്ടം
ബന്ധമെപ്പേരുമിതിനില്ല സംശയമേതും
എന്നുടെയുള്ളിൽ മേവുമീശ്വരൻതനിക്കിപ്പോൾ
നിന്നുടെദേഹംകൊണ്ടു തൃപ്തിവന്നീടുമല്ലോ
പിന്നെ യെന്തൊന്നുവരേണ്ടുന്നതു ഭവതിക്കു
വന്നീടുമല്ലോമോക്ഷം കപിലേ ചിന്തിക്ക നീ
എന്നതു കേട്ടനേരം പറഞ്ഞുകപിലയും-
മിന്നുനീപറഞ്ഞതു ധർമ്മാർത്ഥമത്രേപരം.

---

വൃത്തംമാറി (കേക)

നീയൊരുപെൺപുലി ഞാനൊരുപെൺപശു-
വെൻവധം ധർമ്മം പുലിക്കെന്നതുംവരും
പൊയ്യല്ലജന്തുജാലങ്ങൾക്കുമീശ്വരാ
വയ്യൊഴിക്കുന്നതു ധർമ്മമെല്ലാവനും
ഉഗ്രജന്തുക്കളെളിയജന്തുക്കളെ
നിഗ്രഹിക്കുന്നതുമീശ്വരകല്പിതം
യോഗ്യമത്രേസിംഹമാനയെക്കൊൽകെന്ന-
തോർക്കിലെനിക്കില്ലദുഃഖമതിനേതും
കേൾക്കേണമെങ്കിലും ഞാൻപറയുന്നതു
ഭോഷ്കല്ലധർമ്മിഷ്ഠയല്ലോ ഭവതിയും
ചന്ദ്രപുരിയാന്നഗരവും പാലിച്ചു
ചന്ദ്രസേനൻനൃപൻ ധർമ്മിഷ്ഠനായ്‌വാണാൻ

എന്നെയുടയവൻ പണ്ടറികനീ
പിന്നെയൊരു ഭൂമിദേവൻനൽകിനാൻ
എന്നെയുടയതുമിപ്പോഴവനല്ലോ
ബാലനായുണ്ടൊരു പുത്രനെനിക്കിപ്പോൾ
കാലംപതിനൊന്നുമാസമേചെന്നിതു
പുത്രവാത്സല്യം നിമിത്തമതിൽപിന്നെ
ക്ഷുത്തടങ്ങുംവരെ ഭക്ഷിപ്പാറില്ലഞാൻ
ഇന്നെൻറമൈപടാഹമൊക്കെയൊഴിപ്പാനായ്
തിന്നുതണ്ണീർകുടിക്കാമെന്നിവിടേക്കു
ദൈവനിയോഗേന വന്നിതു ഞാനിപ്പോ-
ഴയ്യോവിധിവശംകൊണ്ടുമേലാൽവന്നു
നിന്നുടെകയ്യിലകപ്പെട്ടേനല്ലോ ഞാൻ
എന്നുടെപുത്രനദൈവവന്തിനിയെന്നു
കർമ്മമിതെന്നുഭയപ്പെട്ടു ദുഃഖിച്ചു
ശാർദ്ദൂലവർയ്യയെ വീണുനമസ്കരി-
ച്ചാർത്തിപൂണ്ടേററം കരഞ്ഞുതുടങ്ങിനാൾ
എന്നതുകണ്ടു ശാർദ്ദൂലവുംചൊല്ലിനാ_
ളെന്നെ നമസ്കരിക്കേണ്ട വെറുതനീ
ഇത്ഥം പറഞ്ഞതുകേട്ടു കപിലയു-
മെത്രയും ദുഃഖേന പിന്നെയും ചൊല്ലിനാൾ
വിത്തമെന്നാകിലും വിക്രമമാകിലും
വിദ്യയെന്നാകിലുമേറെയുള്ളോർകളെ
വന്ദിച്ചുകൊണ്ടാലിഹ ലോകസൌഖ്യവും
വന്നുകൂടിടും പരലോകസൌഖ്യവും
എന്നതുകൊണ്ടു നമസ്ക്കരിച്ചീടിനേ-
നെന്നെയനുഗ്രഹിക്കേണം മടിയാതെ
എന്നുടെ പുത്രനെക്കണ്ടുവരുവതി-

നിന്നൊരവസരം തന്നീടുകവേണം
പിന്നെ ഞാനെത്തുമേ കാലം കളയാതെ
വന്നീടുവനിവിടേക്കു മടിയാതെ
നിന്നീടുകത്രനേരം പരമക്ഷണം
നിന്നുടെ മുമ്പിലാമ്മാറു വന്നീടുവൻ
അക്കഥകേട്ടു ശാർദ്ദൂലവും ചൊല്ലിനാ-
ളൊക്കമൊക്കം നീ പറഞ്ഞതു നന്നുമോ
എന്നുടെ മുമ്പിലകപ്പെട്ടു നിന്ന ഞാ-
നെന്നുമയയ്ക്കുമോ മോഹം വലുതെടോ
എന്നെ വഞ്ചിച്ചു സമയവും ചെയ്തുകൊ-
ണ്ടെന്നുമേ പൊയ്ക്കോംവനെന്നു ചിന്തിച്ചു നീ
നിന്നുള്ളിലുള്ള ജള്ളത്വം നിരൂപിക്കി-
ലന്യരാം ജന്തുക്കളിലാക്കമില്ലെടോ
സത്യമസത്യമെന്നുള്ള ഭേദം പുന-
രെത്രയും ക്രൂരമായുള്ളോരെനിക്കുണ്ടോ
സത്യമായുള്ളതിൻമട്ടെന്തു ചൊല്ലുനീ
വസ്തുസ്ഥിതിക്കൊത്തുതാൻ ചെയ്യുവണ്ണമോ
ഇക്ഷണം നീയിഹ നിന്നുടെ ജീവനെ
രക്ഷിക്കയെന്നു പറവാൻ മടിച്ചീല
എല്ലാം മൃഗങ്ങളിലും ചതിയുള്ള ഞാൻ
തെല്ലുമേ നിൻമൊഴികേട്ടിങ്ങടങ്ങുമോ
സത്യമഹിമയറിഞ്ഞവാറെ.നീയേ
സത്യവചനത്തെ വിശ്വസിക്കാവതോ
എന്നെ രക്ഷിപ്പാൻ പറയുന്നിതു ഞാനും
നിന്നെ രക്ഷിപ്പാൻ പറയുന്നിതു നീയും
സത്യത്തെ ലംഘിക്കരുതെന്ന ബുദ്ധിയോ
മൂഢേ ! നിനക്കുമെനിക്കുമുണ്ടോർക്കുമ്പോഴാം

ജാതികൊണ്ടെ നമ്മൾ ശത്രുക്കളായതു
ചേതസി ചിന്തിച്ചിടെന്നെച്ചതിയാതെ
മാനസത്തിങ്കൽ നിനക്കുറപ്പുണ്ടെങ്കിൽ
മാനവന്മന്നിലേ ചെൽക വിരയാതെ
പുത്രനേയും കണ്ടിവിടെ വരിക നീ
സത്യത്തെ ലംഘിച്ചുപോകായ്കൊരിക്കലും
മിത്രങ്ങളായ ജനങ്ങൾ പറഞ്ഞു നീ
ചിത്തം ഭ്രമിച്ചുപോകുന്നതുമോൎക്ക നീ
സത്യത്തെ വിശ്വാസമുണ്ടു നിനക്കെങ്കി-
ലുത്തമേ നീ ചെന്നു നേരത്തുവന്നാലും
എന്നിത്തരം കാമരൂപപറഞ്ഞപ്പോൾ
ധന്യയായുള്ള കപിലയും ചൊല്ലിനാൾ
സത്യമസത്യവും തങ്ങളിൽ തൂക്കിയാൽ
സത്യമേറെത്തൂങ്ങുമെന്നതറിക നീ
ഉത്തമജന്തുവായ് വന്നു ജനിച്ചു ഞാൻ
സത്യത്തെ ലംഘിക്കരുതെന്നറിഞ്ഞാ
എന്നതുകേട്ടു ശാൎദ്ദൂലവും ചൊല്ലിനാൻ
ഒന്നുണ്ടു നിന്നോടു ചൊല്ലുന്നതിന്നിയും
തന്നുടെ ജീവനെ രക്ഷിച്ചുകൊൾവാനു-
മന്യനായുള്ളവൻ തന്നെ രക്ഷിപ്പാനും
പിന്നെയിഹ പരമാൎത്ഥമറിയുമ്പോ-
ളെന്നിവററിങ്കലസത്യം പറഞ്ഞിടാം
എന്നുണ്ടതിലെന്നു വന്നതുകൊണ്ടു നീ
എന്നെച്ചതിച്ചുപോമെങ്ങുണ്ടാലതുമൂലം
പിന്നെയൊരുദോഷമില്ലെന്നുവന്നീടും
എന്നതുകേട്ടു കപിലയും ചൊല്ലിനാൾ
എന്നിവ ചിന്തിച്ചു ശങ്കിക്കരുതൊട്ടും

ജ്ഞാനമാരുനാളുമസത്യം പറകയി-
ല്ലാനന്ദമൂർത്തിയാം മാധവൻതന്നാണ്.

---

വൃത്തം മാറി (കാകളി)

സത്യലംഘനം ചെയ്തുപോരുന്ന ജനങ്ങൾ ചെ-
ന്നെത്തീടും നരകത്തെ പ്രാപിപ്പൻവരായ്കിൽ ഞാൻ
വൃദ്ധരും വിപ്രന്മാരും നാരിമാർ ഗോക്കൾ ശസ്ത്ര-
ഹസ്തന്മാരല്ലാത്തവരിവരെക്കൊല്ലുന്നോരും
ആരാന്റെ ധനം മറിമായത്താൽ കവർന്നീടും
ചോരരും പൂകും പാപദമൽകവാൻ വാരായ്കിൽ ഞാൻ
ശത്രുവിന്നെതിരായ് ഭർത്താവെയുപേക്ഷിച്ച
ഭൃത്യന്മാർ മണ്ടീടുകിലെത്ര ദുഷ്കർമ്മത്തും
താപം പൂണ്ടുടൻ മദ്ധ്യാഹ്നത്തിങ്കൽ വരുവോർ തൻ
താപത്തെയൊഴിക്കാതെ ദ്വേഷിച്ചിട്ടയപ്പോർക്കും
ജീവിതം നൽകീടാത്ത ഭർത്താക്കന്മാർക്കുമുള്ള-
യാതനാദുഃഖം പ്രാപിച്ചീടുവൻ വരായ്കിൽ ഞാൻ
കോപിച്ച ഭർതൃദ്വേഷി ചോരഭർത്താവു തന്നെ
പ്രാപിച്ചീടിന ബഹ്ഹനാരികൾ നരകവും
രണ്ടുവേട്ടൊരുത്തിയെ വെടിഞ്ഞ പുരുഷനു-
മുണ്ടായ പരസ്ത്രീകൾക്കേറ സേവകന്മാരും
നിക്ഷേപം വഹിപ്പോരും മാതൃമാതുലന്മാരെ
രക്ഷയായിരുത്താതെ വെടിഞ്ഞു ചെയ്‌വോർമറ്റും
മൃഷ്ടാന്നംകൊടാതോരും സത്യലംഘകന്മാരും
ജ്യേഷ്ഠദേശികന്മാരെയാദരിയാത്തോർകളും
മാന്യതധനങ്ങളും വാക്കമാധുര്യം വിദ്യ-
യന്യനീവക ഗുണം കണ്ടിട്ടു സഹിയാഞ്ഞു
ഭിന്നിച്ചുപറകയും പിന്നെ ദൂഷണം ചെയ്തു

വെന്നിക്കവരുവോളം വ്യാപാരം ചെയ്യുവോരും
ഘോരമന്നരകത്തെ പ്രാപിപ്പൻ വരായ്കിൽ ഞാൻ
കോരത്തജലം തന്നിൽ പാരാതെ ക്രീഡിക്കയും
ആദിത്യൻ നേർമുന്നിട്ടു മലമൂത്രവും പോക്കി
നീതികെട്ടശ്ശുദ്ധിയായ് മന്ത്രത്തെ ധ്യാനിപ്പോരും
ആലയങ്ങളെ ദഹിപ്പിച്ചീടും ജനങ്ങളും
കാലത്തു ചമച്ചുള്ള ചോറതു മുടക്കിയും
വിളയുംനിലം ഫലം മുടക്കിച്ചെയ്യുന്നോരും
തന്നുടെ പുത്രപൌത്രമാതുലഭ്രാതൃദ്വിജർ
നമ്മുടെ ദാരങ്ങളും സോദരി ചണ്ഡാലസ്ത്രീ
എന്നിവർകളെ പ്രാപിച്ചീടിന പാപികളും
അന്യകർമ്മങ്ങൾ സന്ധ്യനേരത്തു ചെയ്യുന്നോരും
വിദ്യക്കു വിലപറഞ്ഞവയെക്കൊടുപ്പോരും
വിദ്വാനെ നിന്ദിപ്പോരും വേദത്തെ നിന്ദിപ്പോരും
ദത്തമാമൂർവിനെത്താനപഹരിപ്പോരും
മിത്രത്തെ ദ്വേഷിപ്പോരും ബ്രാഹ്മണദ്വേഷികളും
ദേവക്ഷേത്രങ്ങൾ മുറിച്ചീടിന ജനങ്ങളും
ദേവസ്വം ബ്രഹ്മസ്വവുമടക്കുന്നവർകളും
ഉല്പത്തിയവരവർക്കുള്ളതു കൊടാതോരും
ദർപ്പത്താലന്യോല്പത്തി കെടുക്കുന്നവർകളും
കർമ്മങ്ങൾ ചെയ്യിച്ചതിൻ ദക്ഷിണ കൊടാതോരും
കർമ്മഭേദികളായ നിഷ്ഠുരജനങ്ങളും
ശുശ്രൂഷ ചെയ്തീടാതെ വിദ്യകൾ പഠിപ്പോരും
വിശ്വസിച്ചവർകളെച്ചതിക്കുന്നവർകളും
വൃക്ഷത്തെ വെട്ടിപ്പോരും യുദ്ധത്തിൽ ചതിപ്പോരും
പക്ഷികൾ മൃഗങ്ങളെന്നിവറ്റെ വധിപ്പോരും
ആചാര്യദ്വിജപശുദേവക്ഷേത്രാദികളെ-

യാചാരത്തോടു വന്ദിച്ചീടാത്ത ജനങ്ങളും
അശ്വത്ഥാദികളാകുമുത്തമവൃക്ഷങ്ങളെ
വിശ്വാസമെന്യെ വന്ദിച്ചീടാത്തജനങ്ങളും
തന്നുടെ രാജ്യത്തിങ്കൽ വാഴുന്ന ജനങ്ങളെ-
യന്നന്നു ബലാലുപദ്രവിക്കും നൃപന്മാരും
ഇങ്ങനെ പല ദോഷം ചെയ്തുള്ള ജനം
തന്നുടെ നരകത്തെ പ്രാപിപ്പാൻ വരായ്കിൽ ഞാൻ
ചൊല്ലുവനിനിയൊരു കഥ ഞാനിതു കേൾ നീ-
യില്ലൊരു വ്യാജമിവൾക്കെന്നു തോന്നീടും പിന്നെ
എത്രയും മഹത്വമേറീടിന മലയമാ-
മദ്രിതന്നുപരിയിൽ വാഴുന്നു സുഖത്തോടെ
ഉത്തമനായുള്ളൊരു വാനരപ്രവരനും
മധ്യമനായുള്ളൊരു ശാർദ്ദൂലപ്രവരനും
എത്രയുമധമനായുള്ളൊരു കാട്ടാളനും
പുത്രമിത്രാദിയോടു മാനന്ദിച്ചനാരതം
നിത്യസൌഖ്യങ്ങൾപൂണ്ടു വാഴുന്ന കാലത്തിങ്കൽ
ക്ഷുത്തും ദാഹവുംകൊണ്ടു ചൊല്ലിനാൾ ചണ്ഡാലിയും
വിശപ്പു ശമിപ്പോളം കിഴങ്ങു ഭുജിക്കിലെൻ-
വശക്കേടെല്ലാം തീരുമതിനു വൈകീടാതെ
കിഴങ്ങു പറിച്ചിങ്ങു കൊണ്ടുവന്നീടണം നീ
ഫലങ്ങൾ തിന്നാലേതും ഫലമില്ലെനിക്കിപ്പോൾ
എന്നതുകേട്ടു പറഞ്ഞീടിനാൻ കാട്ടാളനു-
മന്നന്നു ചെന്നു പറിച്ചൊടുങ്ങി കിഴങ്ങെല്ലാം
പുലിവാഴുന്നദിക്കിലെന്നിയേ കിഴങ്ങുമി-
ല്ലുള്ളതല്ലതു ചെന്നു കൊണ്ടുപോരുവാനിപ്പോൾ
ശാർദ്ദൂലമിരതേടിപ്പോയീടുന്നവസരം
പാർത്തിരുന്നപ്പോൾ ചെന്നു കിഴങ്ങു പറിച്ചീടാം.

അല്ലായ്കിൽ പുലിയെന്നെക്കൊല്ലുമെന്നോൎത്തുവേടൻ
മെല്ലെപ്പോയവസരം പാൎത്തുചെന്നനന്തരം
ബിലത്തിൽ ചെന്നുനിന്നു കിഴങ്ങു പറിക്കുമ്പോൾ
പുലിപൈതങ്ങളെയും കാണായീതവന്നുടൻ
അവരെക്കൂടെത്തച്ചുകൊന്നുകൊണ്ടിങ്ങുപോന്നാ-
നവൾക്കു കൊടുത്തിതു കിഴങ്ങുമതുനേരം
പണ്ടുതിന്നീടും കിഴങ്ങിതു നന്നല്ലതൂനം
കൊണ്ടുപോരുകവേണമിത്തരമിനിയും നീ
എന്നതു പറഞ്ഞവൾ കേട്ടവനിരിക്കുമ്പോൾ
ചെന്നിതുപുലിതാനുമിരയും തേടിക്കൊണ്ടു
തന്നുടെ പൈതങ്ങൾക്കുമുടനെ തിന്നീടുവാ-
നന്നേരം പൈതങ്ങളെക്കാണാഞ്ഞു പുലിതാനും
എന്നോടിച്ചെയ്തതാരെന്നോൎത്തു ദുഃഖിക്കുന്നേരം
ഇമ്മലതന്നിൽ വാഴും കാട്ടാളനൊഴിഞ്ഞിതു
നമ്മോടുചെയ്തീടുവാനില്ലവകാശമെന്നും
എന്നാലിങ്ങവൻതന്നെക്കൊന്നുതിന്നണമെന്നു
തന്നുള്ളിൽനിരൂപിച്ചു പാൎത്തിതുപുലിതാനും
അക്കാലമൊരുദിനം കാട്ടാളൻതന്നെനോക്കി-
യുൾക്കനിവോടു പറഞ്ഞീടിനാൾ ചണ്ഡാലിയും
മുന്നം നീ കൊണ്ടുവന്ന കിഴങ്ങുകൂട്ടംതന്നെ-
ച്ചെന്നു നീ കൊണ്ടുവന്നു തന്നീടു മടിയാതെ
എന്നതുനിരൂപിച്ചു പറഞ്ഞു കാട്ടാളനും
എന്നേ ദണ്ഡമേയിതുവൈഷമ്യം പാരമല്ലോ.
നല്ലവസ്തുക്കൾ പെണ്ണുങ്ങൾക്കു കാട്ടരുതല്ലോ
ഇല്ലതിനലംഭാവമവൾക്കു മനക്കാമ്പിൽ
സ്ത്രീകൾ ചൊന്നതു കേൾക്കിൽ നാശവും വരുമല്ലോ

സ്ത്രീകളെയനുസരിയാഞ്ഞാൽ സൗഖ്യവുംവരാ
നാരിമാർപരിഷകൾ വാക്കുകേൾക്കയിൽനല്ല
ഘോരമാംപുലിതിന്നു മരിക്കേപൊറുക്കാവൂ
എന്നുകല്പിച്ചുപോവാൻ വ്യവസായവുംപൂണ്ടു
തന്നുടെ പാറക്കോലുമെടുത്തു പുറപ്പെട്ടു
അന്നേരംകാട്ടാളനും പിഴച്ചു ശകുനങ്ങൾ
മന്ദതപൂണ്ടു മന്ദമന്ദം ചെന്നടുത്തപ്പോൾ
പാർത്തിരിക്കുന്ന പുലി പാഞ്ഞടുത്തുനേരം
ആർത്തിപൂണ്ടോടീടിനാൻ വേടനും ഭയത്തോടെ
കണ്ടാനെത്രയുമത്യുന്നതമായവൃക്ഷ-
മുണ്ടതുതന്മേലൊരു വാനരനിരിക്കുന്നു.
മക്കളുംതാനുംകൂടെസ്സുഖിച്ചു വസിക്കുന്ന
മർക്കടൻവേടൻ തന്റെ ഭീതിയെക്കണ്ടുനേരം
ഞാനിരിക്കുന്നേടത്തു ഭീതിപൂണ്ടുടനോടി
പ്രാണസങ്കടത്തോടു വന്നവൻ തന്നെയിപ്പോൾ
രക്ഷിച്ചീടുകവേണമെന്നൊരു കരുണയാൽ
മർക്കടൻ പറഞ്ഞിതു കാട്ടാളൻതന്നോടപ്പോൾ
താപമുണ്ടാകേണ്ട ഞാനങ്ങു താഴ്ത്തീടുന്നേനെൻ
വാൽപിടിച്ചുഴറിനീ വൃക്ഷത്തിലേറിക്കൊൾക
എന്നതുപറഞ്ഞു വാൽ താഴ്ത്തിനനേരമവൻ
ചെന്നു വാൽ പിടിച്ചുടൻ വന്മരമേറിക്കൊണ്ടാൻ
ചെന്നുതന്മരത്തിൻകീഴുറച്ചു ശാർദ്ദൂലിയും
തന്നുടെകോപത്തോടു മർക്കടനോടുചൊല്ലി
മററുള്ള സസ്യഭോജ്യമെപ്പേരുമുപേക്ഷിച്ചു
മുററുമെൻ പൈതങ്ങളെത്തിന്നൊരുകാട്ടാളനെ
ഭക്ഷിപ്പാൻ തുനിഞ്ഞെത്തി ഞാനവൻതന്നെ വെച്ചു

രക്ഷിച്ചുകൊണ്ടുനീയും നിന്നുടെ പുത്രന്മാരും
ഒക്കവെ നശിച്ചുപോമെന്ന ശാപത്തെകേട്ടു
മക്കടംപറഞ്ഞിതു നിന്നുടെ ശാപത്തിനാൽ
മരണമെനിക്കുമെൻ മക്കൾക്കും വരികിലും
മരണഭീതിയോടെ പാഞ്ഞുപാഞ്ഞെന്നെവന്നു
ശരണംപ്രാപിച്ചവൻ നിഷനെന്നിരിക്കിലും
രിച്ചീടാതെയിന്നു ഞാനുപേക്ഷിക്കയില്ല
എന്നതുകേട്ടങ്ങതിൻകീഴറച്ചിതുപുലി-
യങ്ങനെതന്നെയെന്നു ചൊല്ലിവാനരന്താനും
വേടനും പൈതങ്ങൾക്കും തനിക്കും ഭോജ്യങ്ങളെ
തേടി നിത്യവും കൊണ്ടുവന്നുനൽകീടുമല്ലൊ.
ഇങ്ങനെ പലദിനം കഴിഞ്ഞോരനന്തരം-
മെങ്ങാനുമിരതേടിപ്പോയിതു ശാഖാമൃഗം
എന്നുടെ പൈതങ്ങളെ സൂക്ഷിച്ചുകൊൾകയെന്നു
നന്നായ് വേടനെബ്ഭരമേൽപ്പിച്ചുപോയശേഷം
മരത്തിൻചോട്ടിൽ തീയുമന്നു കാണായിവേടൻ
വരണ്ടകൊമ്പുകളുമൊടിച്ചു തീയുംകൂട്ടി
മക്കടപ്പൈതങ്ങളെയൊക്കവെ ചുട്ടുതിന്നു
വൃക്ഷശാഖാന്തേ കിടന്നുറങ്ങീടിനാൻ സുഖം
വാനരനപ്പോൾ കായും കധിയും കൊണ്ടുവന്നു
താനുപജീവിയാതെ വേടനുകൊടുത്തിതു
തന്നുടെ പൈതങ്ങളെ നോക്കിക്കാണാഞ്ഞനേരം
വന്നവേദനയോടു ചോദിച്ചുവേടനോടും
പൈതങ്ങളെങ്ങുചൊല്ലിടെന്നതുകേട്ടനേരം
പൈതുടന്നെതു സഹിയാഞ്ഞുഞാൻ ചുട്ടുതിന്നേൻ
എന്നതുകേട്ടു താപംപൂണ്ടു വാനരനേറ്റം

തന്നെത്താഡിച്ചുകരഞ്ഞീടിനാനത്യോപാപം
ധർമ്മത്തെനിരൂപിച്ചു വിശ്വസിച്ചൊരുമമ
കർമ്മമിങ്ങനെവന്നതെന്തെൻ്റതമ്പുരാനെ
ഇത്തരം ചൊല്ലിക്കരഞ്ഞിടും വാനരത്തോടു
സത്വരം പറഞ്ഞിതു പുലിയുമതുനേരം
നിന്നോടുപറഞ്ഞതല്ലോ ഞാനിതുവരുമെന്നു-
മെന്നുടെ ചൊല്ലുകേളാഞ്ഞതിനാലിതുവന്നു.
ദുഷ്ടരെരക്ഷിച്ചാലീവണ്ണമേ വന്നുകൂടു
ദുഷ്ടമല്ലയോ ചൊല്ലുപാർത്താലുമിനിയും നീ
ഇത്തരം പുലിവാക്കുകേട്ടു വാനരനപ്പോ-
ളെത്രയും പിഴച്ചു നീചൊന്നതുകേളായ്കയാൽ
ആവതില്ലല്ലോ ദൈവകൽപിതമെല്ലാമെന്നു
താപവുംപൂണ്ടു ഖേദിച്ചിരുന്നു ശാഖാമൃഗം
ദാഹവും വിശപ്പുമും താപവുമേറുകയാൽ
മോഹിച്ചു കാട്ടാളൻ്റെ മടിയിൽ കിടന്നുടൻ
ഉറങ്ങീടിനനേരമതുകണ്ടിതുപുലി
പറഞ്ഞു കാട്ടാളനോടിതു കേളിനിയുംനീ
ഒന്നിനെത്തിന്നു വിശപ്പടങ്ങീടണമെന്ന്യേ-
യൊന്നുമേവേണ്ടീലെനിക്കതിന്നു നീയുമിപ്പോൾ
മർക്കടൻതന്നെ കീഴ്പെട്ടുന്തിയിട്ടീടുന്നാകിൽ
നിൽക്കയില്ലല്ലോപിന്നെ നിന്നെയും കൊല്ലുന്നില്ല
വാനരത്തെയും തിന്നു ഞാനങ്ങു പൊയ്ക്കൊള്ളുവൻ
മാനസേ തെളിഞ്ഞുപൊയ്ക്കൊണ്ടാലുംനീയും പിന്നെ
എന്നതുകേട്ടനേരം താഴത്തു തള്ളിവിട്ടാൻ
തന്നെരക്ഷിച്ചുവച്ച വാനരന്തന്നെയപ്പോൾ
തന്നുടെ കയ്യിലകപ്പെട്ട വാനരത്തോടു

പിന്നെയും ചോദിച്ചിതു പുലിയും കഴുത്തുഫലാൻ
മുന്നം ഞാൻ പറഞ്ഞതുമൊത്തിതെന്നുടെ ചൊല്ല
നന്നായന്നു നീ കേളാഞ്ഞതിനാലറികെടോ
ശത്രുവാകിലും കേൾക്ക നല്ലതു ചൊല്ലുന്നതു
മിത്രമാകിലും നിരൂപിച്ചു വിശ്വസിക്കേണം
എന്നുടെ കൈയിലകപ്പെട്ടിതു നീയുമിപ്പോൾ
നിന്നെഞാനിനിയയച്ചീടുകയില്ലയല്ലോ.
എന്നതുകേട്ടു ശാർദ്ദൂലത്തോടു ശാഖാമൃഗം
പിന്നെയും പറഞ്ഞിതു പേടിയും മറച്ചുടൻ
എന്നെക്കൊണ്ടെന്തു നിരൂപിച്ചിതു നീയുമിപ്പോ
ളെന്നതുപറയേണമെന്നതു കേട്ടനേരം
പിന്നെയും പറഞ്ഞിതു ശാർദ്ദൂലമിതുകേൾ നീ
നിന്നെയും തിന്നു മമ വിശപ്പുകെടുക്കമേ.
അന്നേരം ചൊല്ലീടിനാൻ മെല്ലവേ ശാഖാമൃഗ-
മെന്നോടു മുന്നം മമ നല്ലതു ചൊന്നതിനു
നിന്നോടു ഞാനുമൊരു നല്ലതു ചൊല്ലീടുവൻ
തന്നുടെ നാശമേററം വന്നാടുത്തിരിക്കിലു-
മന്യന്നു നല്ലതിനെച്ചൊല്ലണമെല്ലാവനും
പിന്നെയുമൊരുനന്മ വന്നീടുമെന്നാലതും
നിണ്ണയം ഞാൻതാൻ നിരൂപിച്ചതു പറയുന്നു.
എന്നുടെ പൃഷ്ഠത്തിന്മേലുണ്ടൊരു വിഷരോമ-
മിന്നതു പറിച്ചു നീ വേരോടെ കളഞ്ഞിട്ടു
തിന്നുകൊൾകെന്നെയെന്ന വാനരവാക്യം കേട്ടു
രോമമേതെന്നു കാട്ടിത്തരികയെന്നാൻപുലി
വാലാഗ്രേ ചെന്നുനിന്നു തന്നുടെ കരംകൊണ്ടു
രോമത്തെപ്പറിപ്പതിന്നായവൻ തുനിഞ്ഞപ്പോൾ

അന്യൂനവേഗത്തോടേ നന്നായിക്കുതംകൊണ്ട-
ങ്ങുന്നതവൃക്ഷത്തിന്മേൽ ചാടിനാൻ ശാഖാമൃഗം
എന്നെ നീ ചതിക്കയോ ചെയ്തതെന്തരചെയ്തു
നിന്നിതു ജാള്യത്തോടേ ശാർദ്ദൂലമതുനേരം
പിന്നെ രണ്ടിലുമാശ വിട്ടുപോയ് ശാർദ്ദൂലവും
തന്നുടെ ബിലംപുക്കു വസിച്ചോരനന്തരം
പിന്നെ വാനരൻ വേടൻതന്നോടു പറഞ്ഞിതു
നിന്നുടെ പുത്രകളത്രങ്ങളെപ്പിരിഞ്ഞതാറം
ചെന്നിതു കാലമേറെക്കാണാഞ്ഞു ദുഃഖിക്കുന്നു
ചെന്നു നീയുമവരെയുമാശ്വസിപ്പിച്ചുശേഷം
വന്നാലും നമ്മിലുള്ള ബന്ധുത്വം കളയാതെ
എന്നതുകേട്ടു വേടൻ വാനരത്തോടു ചൊല്ലി
എന്നെ രക്ഷിച്ചു നീയും കൂടെപ്പോരികവേണം
എന്നുടെ ബന്ധുക്കളെക്കണ്ടൊരുദിനം വാണാൽ
പിന്നെയിങ്ങൊക്കത്തക്കപ്പോരാമെന്നെന്റപേക്ഷം
നിന്നെ വേർവിടുന്നതുമെത്രയും പണിയത്രേ
എന്നുടെ മനസ്സിപ്പോഴിങ്ങനെയാകുന്നതും
എന്നതുകേട്ടു ശാഖാമൃഗവുമതുനേര-
മെന്നാൽ ഞാൻകൂടെപ്പോരാമെന്നാശു പുറപ്പെട്ടു.
അന്യോന്യമൊരുമിച്ചു കാട്ടൂടെ പുറപ്പെട്ടാർ
തന്നുടെ പാറക്കോൽകൊണ്ടുടനേ കാട്ടാളന്താൻ
ഒന്നുടൻ കൊട്ടിത്തലപിളുന്നു വിരവോടെ
കൊന്നുടനവനെയും കൊണ്ടുപോയ് കുടിപുക്കാൻ
തന്നെ രക്ഷിച്ചുവച്ചു വിശ്വസിച്ചോരു കപി-
തന്നെയും ചതിച്ചുകൊന്നീടിന മഹാപാപി-
തന്നുടെ നരകത്തെ പ്രാപിപ്പൻ വരായ്കിൽഞാൻ

ഇങ്ങനെ പലതും സാരസ്യം ചൊന്നതുകേട്ടു
തിങ്ങിനമോദം പൂണ്ട കാമരൂപിയും ചൊല്ലി
എങ്കിൽ നിൻ പുത്രനേയും മിത്രവൎഗ്ഗങ്ങളെയും
കണ്ടിട്ടുവന്നീടുക ഭദ്രേ ഞാനിതാ പാൎത്തേൻ
അന്നേരം കപിലയും ചെന്നുതൻ ഗൃഹംപുക്കു
തന്നുടെ തനയനു മുലയും നൽകീടിനാൾ
നിന്നീടുന്നേരമവൾ കരഞ്ഞുതുടങ്ങിനാ-
ളെന്നതുകണ്ടു ചോദിച്ചീടിനാൻ തനയനും
എന്തിനു കരയുന്നു വെറുതേ മാതാവേ നീ
സന്താപമേതാനുമൊന്നുണ്ടാകകൊണ്ടല്ലല്ലീ
എന്നതുകേട്ടനേരം ചൊല്ലിനാൾ കപിലയും
തന്നുടെ വൃത്താന്തങ്ങളൊന്നൊഴിയാതവണ്ണം
ശാൎദ്ദൂലത്തോടു സത്യംചെയ്തുപോന്നതുകേട്ടു
പാൎത്തുകല്പിച്ചുപറഞ്ഞീടിനാൻ തനയനും
തന്നുടെ മാതാപിതാക്കന്മാൎക്കു ദുഃഖം തീൎപ്പാൻ
നന്ദനന്മാരായ്‌വന്നതെന്നതുമറിഞ്ഞില്ലേ
എന്നതുമൂലം ഞാൻപോയ്‌ചെന്നവൾതന്നെക്കണ്ടി-
ട്ടെന്നുടെ ദേഹം കൊടുത്തിടുവൻ മടിയാതെ.
നന്ദനൻ ചൊന്നനേരം ചൊല്ലിനാൾ കപിലയും
സന്തതിയില്ലാതവൎക്കില്ലല്ലോ പരഗതി
ചിന്തിച്ചുകണ്ടാൽഞാൻതാൻപോയ്ക്കൊൾകെന്നുതവത്രൂ
എന്നവൾപറകയും കണ്ണുനീർ പൊഴിക്കയും
തന്നുടെ സഖികളെയൊക്കവേ വിളിച്ചുട-
നെന്നുടെ തനയനെ രക്ഷിച്ചുകൊൾക നിങ്ങൾ
എന്നവൎകളെബ്ഭരമേല്പിച്ചു കരഞ്ഞുടൻ
പോകുന്നനേരം കരഞ്ഞീടിനാർ സഖിമാരു-

മാകവേ ക്രൂരിച്ചിലർ നടന്നുതുടങ്ങിനാർ
എന്നതുകണ്ടു പറഞ്ഞീടിനാൾ കപിലയും
എന്തെ! കഷ്ടമേ നിങ്ങളിത്ര ദുഃഖിപ്പാനെന്തേ
വന്നീടുമൊരുത്തൎക്കു മരണമതുനേര-
മന്യരായുള്ള ജനം കൂടവേ മരിപ്പുണ്ടോ
എന്നെയീവണ്ണമെല്ലാം ധാതാവു വിധിച്ചിത-
ങ്ങൊന്നുപോൽതന്നെയുണ്ടോ മറെറാന്നുവിധിപ്പതും
അജ്ഞാനമുണ്ടാവതിനെന്തു നിങ്ങൾക്കാധാരം
വിജ്ഞാനമില്ലാതൊരു ജന്തുക്കളെന്നപോലെ
സത്യവാദികളിൽവച്ചുത്തമോത്തമനല്ലോ
സത്യജ്ഞനായ മൂൎത്തി രക്ഷിക്കുമെന്നാകിലോ
നിത്യമല്ലാതെയുള്ള ദേഹത്തെ ത്യജിച്ചുഞാൻ
നിത്യവുമാനന്ദത്തെ പ്രാപിപ്പേനറിഞ്ഞാലും
കരുണാജലനിധേ പരിപാലയ വിഷ്ണോ!
ശരണം നാരായണ! ഭക്തവത്സല വിഷ്ണോ!
ചിത്തതാരവൾ നാരായണങ്കലുറപ്പിച്ചു
ഭക്തിവിശ്വാസത്തോടേ ചെന്നിതു കപിലയും
വ്യാഘ്രത്തിൻബിലദ്വാരം പ്രാപിച്ചു ചൊന്നാളവൾ
നോക്കുക കപിലയാം പശു ഞാനിതാ വന്നേൻ
എന്നതുകേട്ടു നിരൂപിച്ചിതു കാമരൂപി-
യെന്തോ! കഷ്ടമേയിതു ചിന്തിച്ചതെത്രനന്നു.
തന്നുടെ ജീവനേയും കൊണ്ടൊരുജാതിപോയാൽ
പിന്നെയും പാൎത്തുവന്നതോൎത്താലെത്രയും ചിത്രം
ഇത്ര മാഹാത്മ്യമുണ്ടായിട്ടൊരു പശുവിനെ
പൃത്ഥ്വിയിലെങ്ങും കാണ്മാനില്ല കേൾപ്പാനുമില്ല
വിചിത്രമിവളുടെ ദിവ്യത്വമെനിക്കേററം

വിശപ്പുണ്ടെന്നാകിലുമിവളെ തിന്നുന്നില്ല
ഇത്ഥമോൎത്തവളോടു പറഞ്ഞു കാമരൂപി
സത്യതല്പരയായ നിന്നെ ഞാൻ തിന്നുന്നില്ല
അദ്യയുമല്ലയിന്നുതുടങ്ങിമേല്പട്ടു ഞാൻ
പൃത്ഥ്വിയിലുള്ള ജന്തുവൎഗ്ഗത്തെക്കൊല്ലുന്നില്ല
മാംസഭോജനമിന്നുതുടങ്ങിച്ചെയ്യുന്നില്ല
ദോഷം ഞാനിത്രനാളും ചെയ്തതിനെന്തുനല്ലു,
യക്ഷഗന്ധൎവ്വാദികളിങ്ങനെ വാദുകണ്ടു
പുഷ്കരമാൎഗ്ഗേ വിമാനത്തൂടെ മേവുന്നേരം
അത്ഭുതമായിട്ടുള്ള വൃത്താന്തമതുകണ്ടു-
ങ്ങപ്പൊഴെ സ്വൎഗ്ഗത്തിങ്കൽചെന്നു ദേവകളോടു
ചൊന്നതുകേട്ടു വിണ്ണോരെല്ലാരുമൊരുമിച്ചു
ചെന്നിതു സത്യലോകത്തിങ്കലാനന്ദത്തോടെ.
ധാതാവു തന്നെത്തൊഴുതപ്പൊരുളുണൎത്തിച്ചു
ഭൂതലത്തിങ്കൽ പശുവ്യാഘ്രസംവാദമെല്ലാം
അക്കഥകേട്ടുധാതാ ദേവകളോടുകൂടി
മുക്കണ്ണർവാഴും കൈലാസാചലം പുക്കീടിനാർ
ഉണ്ടായ വിശേഷങ്ങൾ ബ്രഹ്മാദിജനം നീല-
കണ്ഠനോടുണൎത്തിച്ചു പാൎത്തരുൾചെയ്തുദേവൻ
എന്തിതിന്മൂലമെന്നു പാലാഴിതന്നിൽചെന്നു
തന്തിരുവടി തന്നോടുണൎത്തിക്കയും വേണം
എന്നതുകേട്ടുവിണ്ണോരെല്ലാരും കൂടെച്ചെന്നു
പന്നഗശയനനെ സ്തുതിച്ചു തുടങ്ങിനാർ.
അന്നേരം പള്ളിക്കുറുപ്പുണൎന്നു ഭഗവാനും
മന്ദഹാസവുംചെയ്തു കാരണം ചോദിച്ചപ്പോൾ
വ്യാഘ്രവും പശുവുമായുള്ളൊരു സംവാദത്തെ

വ്യാഖ്യാനംചെയ്തുതിരുവുള്ളത്തിലേററിയപ്പോൾ
ഇന്ദിരാരമണനന്നേരമരുൾചെയ്തു
വന്നിതു പശുമൂലം പലക്ഷേമമനുകൂലം·
ചെന്നിനി പശുവിനെത്തന്നെയും വ്യാഘ്രത്തെയും
സ്വർണ്ണയാനവുമേററിക്കൊണ്ടുപോരികവേണം
എന്നതുകേട്ടു വിഷ്ണുദൂതന്മാരുടൻപോയി-
ച്ചെന്നുടൻ വ്യാഘ്രത്തെയും ദിവ്യയാനത്തിലേററി
കപിലാദേവിതന്നെസ്നേഹിച്ചു വിളിച്ചുടൻ
വിബുധന്മാരുമന്നനയത്തോടുരചെയ്തു
ലോകനായകനരുളിച്ചെയ്തുവൈകുണ്ഠമാം
ലോകത്തിങ്കലേക്കു നീ കൂടപ്പോരികവേണം
ഉത്തമഗുണശീലേ ഭക്തിവിശ്വാസശീലേ
സത്യതൽപരേ നീയും തേർകരേറുകവേണം
എന്നതുകേട്ടനേരം ചൊല്ലിനാൾ കപിലയും
ഇന്നെന്റെ ഭർത്താവാകും ബ്രാഹ്മണപ്രവരനും
പുത്രനുംകൂടാതെ ഞാൻ പോരികയില്ലയല്ലോ
എത്രയും പുണിയിതു ചൊന്നതുനന്നുനന്നു
ഉണ്ടായ ജന്മങ്ങളിലാക്കമേയൊരുനാളും
കണ്ടുകൂടാതപുരം വൈകുണ്ഠാലയമല്ലോ
ധർമ്മചിത്തന്മാരായിസ്സകല ഗുണങ്ങളാൽ
ധർമ്മമേററവർ സ്വർഗംപ്രാപിക്കെന്നതേവരൂ
സാദ്ധ്യമല്ലാത്തതുരച്ചിടാതെ കപിലേ നീ
ബോദ്ധ്യമായ് വിമാനമേറീടുകെന്നതേവരൂ
കൽപിച്ചവണ്ണം തന്നെ പോരിക മടിക്കേണ്ട
എപ്പോഴും പരമാനന്ദം പൂണ്ടു മരുവീടാം.
ആരണനോടും മമ പുത്രനുംകൂടാതെ ഞാൻ

പോരികയില്ലയെങ്ങുമെന്നതുധരിച്ചാലും
അന്നേരത്തുടൻ ദേവഗണങ്ങളുടൻചെന്നു
പന്നഗശായിതന്നെത്തൊഴുതങ്ങുണത്തിച്ചാർ
വാർത്തകേട്ടരുൾചെയ്തു, വാരിജവിലോചനൻ
ധാത്രിദേവനെക്കൂടെ കൊണ്ടുപോരികെ വേണ്ടു
അരുളിച്ചെയ്യുന്നേരം ബ്രാഹ്മണാലയം പുക്ക
ധരണീസുരനോടു പറഞ്ഞു വിഷ്ണുദൂതർ
കപിലനിമിത്തമായവളെപ്പാലിച്ച നീ
കപിലയോടും കൂടിപ്പുത്രമിത്രാദിയോടും
വിഷ്ണുലോകത്തിങ്കലാമ്മാറു വന്നീടവേണം.
വൈഷ്ണവമായമൂർത്തി തന്മതമറിഞ്ഞാലും
നന്മൊഴികേട്ടിട്ടരുൾചെയ്തിതു ഭൂദേവനും
എന്മനോരസമിപ്പോഴിങ്ങനെ വന്നുകൂടാ-
യിപ്പുരംപാലിച്ചീടും മന്നവനറിയാതെ
പുഷ്കരേരുവാനെത്രയും മടിയുണ്ടെ-
യിപ്പശുവുടയതു മുന്നമേയവന്നത്രെ
നിഷ്ഫലമവനുവന്നീടാതെയവനോടും
ഞങ്ങളെക്കൂട്ടിക്കൊണ്ടുപോകിലോ പോരാമല്ലാ
അങ്ങനെയെന്നുതന്നെ ഞങ്ങൾക്കുവിധിക്കാമോ
ഞങ്ങളോ നാരായണസ്വാമിയോടുണർത്തിക്കാം.
അങ്ങനെയാകവേണ്ടുയെന്നുഭൂസുരേന്ദ്രനു-
മപ്പൊഴേയമരകൾ ചെന്നുപാലാഴിപുക്ക
സൽപുരുഷനെക്കണ്ടു പിന്നെയുമുണത്തിച്ച
എങ്കിലോ ഭൂപാലനെ ഭൂദേവനോടുംകൂടെ
സങ്കടംവേണ്ടാ പുത്രമിത്രവർഗങ്ങളോടും
കൊണ്ടുപോരികവേണമെന്നുകേട്ടവർകളു-

മുണ്ടായവിശേഷങ്ങൾ മന്നനോടറിയിച്ചു.
വൈകരുതിനിയുംനീ കൂടെപ്പോരികവേണ്ടു
ചെയ്തികൾകേട്ടു ചന്ദ്രസേനനുമരുൾചെയ്തു
എന്നുടെ രാജ്യത്തിങ്കൽ മേവുന്ന പ്രജകളു-
മെന്നോടുകൂടിത്തന്നെ നിത്യവും പിരിയാതെ
അന്നന്നു ഗുണദോഷമന്വേഷിച്ചതുകൊണ്ടു
നന്നായിസ്സുഖിപ്പിച്ചു ദേവലോകത്തെപ്പോലെ
വാഴുന്ന പ്രജകളെപ്പിരിഞ്ഞു വിഷ്ണുലോകം
വാഴുവാനെനിക്കൊട്ടും മോഹമില്ലറിഞ്ഞാലും
കഷ്ടമെത്രയുമിതു ചെയ്തുകൂടുമോ പാർത്താൽ
നഷ്ടമായ്‌വരായ്‌വതിനല്ലോ ചിന്തിക്കവേണ്ടു
ആശ്ചര്യമിവയോർത്താലെന്തോന്നു പറയേണ്ടു
വിശ്വനാഥനെക്കണ്ടു പിന്നെയുമുണർത്തിച്ചാർ
പ്രാപ്തികളോരോതരം കേട്ടുകേട്ടനന്തരം
ഭക്തവത്സലൻ നാരായണനുമരുൾചെയ്തു
എന്തോന്നു കപിലതൻ ചിന്തിതമെന്നാലതും
സന്ധിചെയ്താലുമെനിക്കേതുമേ മടിയില്ല
അന്തണനാദികളോടും മന്നർമന്ത്രികളോടും
സന്തതിവർഗ്ഗത്തോടും ബന്ധുജാതികളോടും
ചിന്തിച്ചു ജനത്തോടും ബന്ധിച്ചു ജനത്തോടും
സന്ധിച്ചു ജനത്തോടും ചന്ദ്രസേനാദിയോടും
ചിന്തിതം ഭവിക്കേണമില്ല സംശയമേതും
ദേവകൾ കിന്നരന്മാർ ചാരണവരന്മാരു-
മാവോളം വേലചെയ്തു ഘോഷമലങ്കരിച്ചു.
രാജ്യവാസികളോടും മന്നവൻറ പടയോടും

പൂജ്യനാം വിപ്രനോടും മററുള്ള ജനത്തോടും
അംബരത്തേർകരേററി സംവാദമായതെല്ലാം
അംബരചാരീജനം കൊണ്ടുപോരികവേണ്ടു
എന്നതുകേട്ടനേരം ഘോഷിച്ചു മണിനാദം
മന്നിടമെങ്ങും പരമാനന്ദം മുഴക്കിനാർ
വരസൈന്യങ്ങളോടും മന്നവൻ വൈകീടാതെ
പെരികെസ്സന്തോഷിച്ചു രാജ്യവാസികളോടും
അന്തണരാദിയായ ജന്തുവർഗങ്ങളോടും
ചിന്തിച്ചുമേവീടിനകപിലാദേവിതന്നെ
പാലിച്ചജനത്തോടും സ്നേഹിച്ചജനത്തോടും
കാലികൾ കരടികൾ മൃഗപക്ഷികളോടും
ചെന്നുടൻ വിമാനമേറീടിനാൻ തെരുതെരെ
പന്നഗം പടംവിരിച്ചാടിയും മടിയാതെ
കിന്നരജാതികളും പാടിയാടിനാരല്ലോ
ദേവനാരികൾ പാട്ടുമാട്ടവുന്തുടങ്ങിനാർ
ദേവദുന്ദുഭികളുമാവോളമാർത്താക്കവെ
മന്നനും ഭൂദേവനും മററുള്ള സൈന്യത്തോടും
ചെന്നുവൈകുണ്ഠാലയം പ്രാപിച്ചാരനന്തരം
ശരണം നാരായണ! നമസ്തു ജഗന്നാഥ!
ശരണം ശംഖചക്രധരനേ! വിഷ്ണുമൂർത്തേ!
ഇക്കഥ പഠിപ്പോരും കേട്ടുടൻ ഗ്രഹിപ്പോരും-
മക്ഷണം പരാനന്ദം പൂമെന്നാൾ കിളിമകൾ.

കപിലോപാഖ്യാനം സമാപ്തം.

# ശ്രീചിത്രാവലി.

൧. രാമാശ്വമേധം.

൨. കപിലോപാഖ്യാനം.

൩. പാതാളരാമായണം.